# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4531** **13.11.2019 ലെ മറുപടി**

## കൽപ്പാത്തിപ്പുഴ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പാലക്കാട് ജില്ലയിലെ കൽപ്പാത്തിപ്പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പ് പുതിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതുസംബന്ധിച്ച മന്ത്രിതല യോഗം നടന്നിട്ടുണ്ടോ; എങ്കിൽ യോഗത്തിലുണ്ടായ തീരുമാനങ്ങൾ വിശദമാക്കാമോ; | (ബി) ഉണ്ട്. പദ്ധതി നടത്തിപ്പിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ ചെറുകിട ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകാനും റിവർ മാനേജ്മെൻറ് ഫണ്ട് വിനിയോഗിച്ച് പദ്ധതി നടത്തിപ്പിനെക്കുറിച്ച് പരിശോധിക്കുവാനും ജില്ലാ കളക്ടറുടെ പ്രസ്തുത ശീർഷകത്തിൽ ഫണ്ട് ലഭ്യത ഉറപ്പ് വരുത്താനും തീരുമാനമായി. |
| (സി) പ്രസ്തുത യോഗത്തിൽ ഇറിഗേഷൻ വകുപ്പിനോട് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ? | (സി) ഉണ്ട്. കല്പാത്തി പുഴയുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി കല്പാത്തിപ്പുഴയുടെ അതിർത്തി നിർണ്ണയം നടത്തേണ്ടതായിട്ടുണ്ട്. അതിർത്തി നിർണ്ണയിക്കുന്നതിനായി പാലക്കാട് ജില്ലാ സർവ്വേ സൂപ്രണ്ടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ